പതിനാലാം കേരള നിയമസഭ
<u>അഞ്ചാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1438</u>  <u>03.05.2017 ൽ മറുപടി നൽകേണ്ടിയിരുന്നത്</u>

## <u>സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനം</u>

| **<u>ചോദ്യം</u>**<br>ശ്രീ.എം. നൗഷാദ് | **<u>ഉത്തരം</u>**<br>ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് നിയമനവുമായി ബന്ധപ്പെട്ട് നിയമപരമായി എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; | (എ) | ഗവണ്മെന്റ് സെക്രട്ടേറിയറ്റ്/ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ/ കേരള സംസ്ഥാന ആഡിറ്റ് വകുപ്പ് തുടങ്ങിയവയിലെ അസിസ്റ്റന്റ്/ ആഡിറ്റർ തസ്തികയിലേക്ക് തയ്യാറാക്കിയ റാങ്ക് പട്ടികയിൽ നിന്നും എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് & വിജിലൻസ് ട്രിബ്യൂണൽ ഓഫീസിലെ അസിസ്റ്റന്റ് തസ്തികയിലേക്ക് ഉദ്യോഗാർത്ഥികളിൽ നിന്നും സമ്മതപത്രം വാങ്ങിയതിനു ശേഷം മാത്രം നിയമനശിപാർശ ചെയ്യണമെന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളിൽ നിന്നും സമ്മതപത്രം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പി.എസ്.സി.യിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ഫയലിലെ (ഫയൽ നമ്പർ 95834-Pay - Expenditure A2/209/2016 dated 9/12/2015) നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | (ബി) | പി.എസ്.സി യിൽ വിവിധ വിഭാഗങ്ങളിലായി 120 അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 22.04.2017-ൽ സ.ഉ (എം.എസ്) നം. 149/2017/പൊ.ഭ.വ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നകാര്യം പരിഗണനയിലുണ്ടോ; എങ്കിൽ | (സി) | സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലില്ല. |

[2..]

| | | | |
|---|---|---|---|
| | വിശദാംശം നൽകാമോ; | | |
| (ഡി) | 2017-18 കാലയളവിൽ ഒഴിവു വരാൻ സാധ്യതയുള്ള അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ? | (ഡി) | 2017 ജനുവരി മുതൽ 2018 ജനുവരി വരെയുള്ള 108 ഒഴിവുകൾ മുൻകൂറായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ